# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1337 — 13.12.2012 ൽ – മറുപടിക്ക്

### സംസ്ഥാനത്തെ ബി.പി.എൽ. കാർഡുടമകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ബി.പി.എൽ.ൽപ്പെട്ട എത്ര പേരുണ്ടെന്നാണ് സർക്കാർ കണക്ക് ; വിശദമാക്കാമോ ; | (എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2009 ലെ ബി.പി.എൽ. ലിസ്റ്റിൽ 32.29 ലക്ഷം കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. 14,53,776 ബി.പി.എൽ. റേഷൻ കാർഡുകളും 5,91,173 എ.എ.വൈ റേഷൻ കാർഡുകളും സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ഓണത്തിന് ഫ്രീ കിറ്റ് നൽകുന്ന പദ്ധതി ഇപ്പോഴും തുടർന്നു വരുന്നുണ്ടോ ; | (ബി) ബി.പി.എൽ. കുടുംബങ്ങൾക്ക് ഫ്രീ കിറ്റ് നൽകുന്ന പദ്ധതി ഇപ്പോഴും തുടർന്നു വരുന്നുണ്ട്. |
| (സി) എത്ര ബി.പി.എൽ.കാർക്ക് കഴിഞ്ഞ ഓണത്തിന് ഫ്രീകിറ്റ് നല്കുകയുണ്ടായി ; കിറ്റിൽ എന്തെല്ലാം ഐറ്റംസ് എത്ര ഗ്രാം വീതം ഉണ്ടായിരുന്നു ; വില എത്രയായിരുന്നു ; ഈ ഇനത്തിൽ സിവിൽ സപ്ളൈസ് കോർപ്പറേഷന് ചെലവായ മൊത്തം തുക എത്ര ; ഇതിൽ സർക്കാർ നല്കിയ തുക എത്ര ? | (സി) 2012 ഓണത്തിന് 17,27,714 ബി.പി.എൽ. കുടുംബാംഗങ്ങൾക്ക് സൗജന്യമായി കിറ്റ് നൽകിയിട്ടുണ്ട്. കിറ്റിൽ താഴെപ്പറയുന്ന സാധനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. അരി - 2 കിലോഗ്രാം<br>2. പഞ്ചസാര - 500 ഗ്രാം<br>3. മുളക് - 200 ഗ്രാം<br>4. ചായപ്പൊടി - 100 ഗ്രാം<br><br>പായ്ക്കിംഗ് ചാർജ് ഉൾപ്പെടെ കിറ്റൊന്നിന് 86.07 രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് ചിലവായത്. മൊത്തം ചിലവായ തുക 14,87,04,343.98 രൂപയാണ്. ഇതിൽ സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ